Agri search with a human touch

ISSN No. 2321-6220

# ഐ.സി.എ.ആർ. – കെ.വി.കെ (എറണാകുളം)

# വാർത്താപത്രിക

നം.16 ഏപ്രിൽ – സെപ്റ്റംബർ 2015

മലയാളം – ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു



ശ്രീ. ശ്രീനിവാസൻ, കെ.വി.കെ എക്സിബിഷൻ സ്റ്റാൾ സന്ദർശിക്കുന്നു: രാജേന്ദ്ര മൈതാനം, എറണാകുളം.



പൊക്കാളി പാടങ്ങളിലെ കൂടുമത്സ്യ കൃഷി വിളവെടുപ്പ്:പിഴല, എറണാകുളം



കെ.വി.കെ സ്വച്ഛഭാരത് ഉത്പന്നം – ഫിഷ്ലൈസർ പുറത്തിറക്കുന്നു: സി.എം.എഫ്.ആർ.ഐ, കൊച്ചി

ഐ.സി.എ.ആർ – കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)
ഐ.സി.എ.ആർ – കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*
ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം, കേരളം – 682 505
ഫോൺ : 0484 2492450 ഇ-മെയിൽ : kvkernakulam@cmfri.org.in
വെബ്സൈറ്റ് : www.kvkernakulam.org.in


ICAR CMFRI

# ഉദ്ദേശലക്ഷ്യങ്ങൾ

ഒരു ജില്ലയ്ക്കിണങ്ങുന്ന കാർഷിക സങ്കേതങ്ങൾ കണ്ടെത്തി വികസിപ്പിച്ചെടുക്കുകയും അവ കർഷകരിലേക്ക് എത്തിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് കാർഷിക മേഖലയിലുള്ള അറിവിന്റെയും സാങ്കേതിക വിദ്യകളുടെയും കലവറയായി പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ പൊതുവായ ഉദ്ദേശലക്ഷ്യം. കൃത്യമായ ഉദ്ദേശലക്ഷ്യങ്ങൾ ഇവയാണ്:

- പുത്തൻ കാർഷിക സാങ്കേതിക വിദ്യകൾ ജില്ലയിലേക്ക് യോജിച്ചതാണോ എന്നറിയുന്നതിനായുള്ള കർഷക പങ്കാളിത്ത കൃഷിയിട പരീക്ഷണങ്ങൾ നടത്തുക.
- മുൻനിര പ്രദർശനങ്ങളിലൂടെ വിളകളുടെയും കാർഷിക സംരഭങ്ങളുടെയും ഉത്പാദനക്ഷമത തെളിയിക്കുക.
- കർഷകർക്കും കാർഷിക വിജ്ഞാന വ്യാപന മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും പുത്തൻ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുക.
- വിജയപ്രദമായ പുത്തൻ കാർഷിക സാങ്കേതിക വിദ്യകൾ സാമാന്യ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുക.
- കാർഷിക-മൃഗസംരക്ഷണ-മത്സ്യകൃഷി മേഖലകളിലേയ്ക്കാവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയും ജൈവ/സുരക്ഷിത കൃഷിക്കാവശ്യമായ മറ്റ് ഉത്പന്നങ്ങളും കർഷകർക്ക് ലഭ്യമാക്കുക.
- ജില്ലയുടെ കാർഷിക സമ്പദ്‌വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ-സർക്കാരിതര-സന്നദ്ധ സംഘടനകളുമായും വകുപ്പുകളുമായും സഹകരിക്കുകയും കാർഷിക സാങ്കേതിക വിദ്യകളുടെ കലവറയായി വർത്തിക്കുകയും ചെയ്യുക.

# ആമുഖം



ദേശീയ കാർഷിക ഗവേഷണ കൗൺസിലിനു കീഴിൽ നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചാരണത്തിലൂടെ ജില്ലാടിസ്ഥാനത്തിൽ കാർഷിക വികസനം സാധ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ. പുത്തൻ കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചരണം, കർഷക പങ്കാളിത്ത കൃഷിയിട പരീക്ഷണങ്ങൾ, ജൈവ ഉത്പാദനോപാധികളുടെയും വിത്തുകളുടെയും ഉത്പാദനവും വിതരണവും, കർഷകർക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങൾ, സംരഭക്ത്വ വികസനം തുടങ്ങിയവ കെ.വി.കെ. യുടെ ചുമതലകളാണ്. ഇതിനെല്ലാമായി കാർഷിക രംഗത്തെ വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ സാങ്കേതിക വിദഗ്ദരുടെ നിരതന്നെ കെ.വി.കെ യിൽ ഉണ്ട്. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനമേഖല എറണാകുളം ജില്ലയാണ്. 1976 മുതൽ ജില്ലയുടെ സമഗ്ര കാർഷിക വികസനത്തിനായ് കെ.വി.കെ മുൻനിരയിൽ തന്നെയുണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള ചെമ്മീൻ കൃഷി, കല്ലുമ്മക്കായ് കൃഷി, കൂടു മത്സ്യകൃഷി, തുറസായ സ്ഥലത്തെ കൃത്യതാ പച്ചക്കറികൃഷി, മഴമറകൃഷി എന്നിവയും ഉപഗ്രഹവിത്തുൽപ്പാദന കേന്ദ്രങ്ങൾ, ഉപഗ്രഹ പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ നൂതന സംരംഭങ്ങളും പൊക്കാളി കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള പുത്തൻ കൃഷി രീതികളും ഉപയോഗശൂന്യമായ പാറമടകളിലെ കൂടുമത്സ്യകൃഷി, കരിങ്കോഴികളുടെ പ്രചാരം തുടങ്ങിയവയാണ് എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പ്രധാനനേട്ടങ്ങളായി എടുത്തു പറയാവുന്നത്. ജൈവ ഉത്പാദന ഉപാധികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങളിലാണ് കെ.വി.കെ. ഇപ്പോൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. സി.എം.എഫ്.ആർ.ഐ. യിൽ ഉള്ള വിപണനകേന്ദ്രത്തിൽ നിന്നും ഗുണമേന്മ ഉറപ്പു വരുത്തിയ വിവിധ ജൈവ ഉത്പാദന ഉപാധികൾ കർഷകർക്കായി വിതരണം നടത്തി വരുന്നു. കർഷകർക്ക് ഇവയെല്ലാം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടൊപ്പം ഇവയുടെ ഗുണമേന്മ പ്രദർശിപ്പിക്കുക എന്ന ഉദ്ദേശം കൂടി കെ.വി.കെ യ്ക്കുണ്ട്. ജില്ലയിൽ ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കെ.വി.കെ. ഒരു അടുക്കളത്തോട്ടനിർമ്മാണ സേന രൂപികരിച്ചിട്ടുണ്ട്. ഗ്രോബാഗ് നിറച്ച് ചെടി നട്ട് കൊടുക്കുന്നതോടൊപ്പം 100 ദിന കർമ്മ പരിപാടിയും വിവിധ ഉത്പാദന ഉപാധികളും ഇവർ വിതരണം ചെയ്യുതു വരുന്നു. കർഷകരുടെ പ്രധാന പ്രശ്നം വിപണനം ആണെന്ന തിരിച്ചറിവിൽ നിന്നും ഈ മേഖലയിൽ കർഷകരെ സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കർഷക ഉത്പാദന കമ്പനികൾ രൂപകരിക്കാനുള്ള ഒരുക്കത്തിലാണ് കെ.വി.കെ. പൊക്കാളി ഉത്പന്നങ്ങൾക്ക് ബ്രാൻഡ് മൂല്യം നൽകി വിപണന രംഗത്ത് കർഷകരെ പിന്താങ്ങുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങളും കെ.വി.കെ. നടത്തി വരുന്നു. കുടുംബശ്രീ മിഷനുമായി സഹകരിച്ച് കുടുംബശ്രീ ഗ്രൂപ്പുകൾ വഴി മേന്മയുള്ള ജൈവ ഉത്പാദന ഉപാധികൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള പരിശീലന പരിപാടികൾ കെ.വി.കെ യിൽ നടന്നുവരുന്നു. പ്രധാനമന്ത്രിയുടെ സ്വച്ഛ്ഭാരത് പരിപാടിയുടെ ഭാഗമായി എറണാകുളം മാർക്കറ്റിലെ മത്സ്യാവശിഷ്ടങ്ങളിൽ നിന്നും ഫിഷ്‌ലൈസർ എന്ന ജൈവവളവും കെ.വി.കെ പുറത്തിറക്കിയിട്ടുണ്ട്.

കെ.വി.കെ യുടെ മേൽപ്പറഞ്ഞ കർഷക സൗഹൃദ പരിപാടികൾ ജനങ്ങളിലേക്കും ജനപ്രതിനിധികളിലേക്കും ഉദ്യോഗസ്ഥരിലേക്കും മറ്റും എത്തിക്കുക വഴി ഭാവിയിൽ ജില്ലയുടെ കാർഷിക അഭിവൃദ്ധിക്കായി കൂട്ടായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ഈ വാർത്താ പത്രിക സഹായകരമാകുമെന്ന് വിശ്വസിക്കുന്നു.

(എ. ഗോപാലകൃഷ്ണൻ)
ഡയറക്ടർ


**പ്രസാധകൻ**

ഡോ. എ. ഗോപാലകൃഷ്ണൻ
ഡയറക്ടർ
ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*
എറണാകുളം നോർത്ത് പി.ഒ., പി.ബി. നം. 1603, കൊച്ചി 682 018

**തയ്യാറാക്കിയത്**

ഡോ. ഷിനോജ് സുബ്രമണ്യൻ
ഡോ. കെ. സ്മിത ശിവദാസൻ
എഫ്. പുഷ്പരാജ് ആഞ്ചലോ
നിഷിദ. പി
ഐ.സി.എ.ആർ - കെ.വി.കെ. എറണാകുളം

# ആശംസകളോടെ...

**ഡയറക്ടർ**
ഐ.സി.എ.ആർ - സി.എം.എഫ്.ആർ.എ

**സീനിയർ സയിന്റിസ്റ്റ് & ഹെഡ്**
ഐ.സി.എ.ആർ - കെ.വി.കെ (എറണാകുളം)

## ദേശീയ കാർഷിക ഗവേഷണ കൗൺസിൽ വിജ്ഞാന വ്യാപന വിഭാഗം മേധാവി കെ.വി.കെ. സന്ദർശിച്ചു.



ഡോ. എ. കെ സിങ്ങ് കെ.വി.കെ യുടെ കൂടുമത്സ്യ കൃഷിയിടങ്ങൾ സന്ദർശിക്കുന്നു: കടമക്കുടി, എറണാകുളം

ദേശീയ കാർഷിക ഗവേഷണ കൗൺസിൽ വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. എ.കെ. സിങ്, 2015 ആഗസ്റ്റ് 15 ന് എറണാകുളം കെ.വി.കെ സന്ദർശിച്ചു. അദ്ദേഹം കെ.വി.കെ യുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ജില്ലയിലെ കാർഷിക പുരോഗതിയ്ക്കായി വരും വർഷങ്ങളിൽ ചെയ്യേണ്ട പരിപാടികൾക്കു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കടമക്കുടി, പിഴല എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത കൃഷിയിടങ്ങളിൽ കെ.വി.കെ നടത്തി വരുന്ന കൂടുമത്സ്യകൃഷി പ്രദർശനങ്ങൾ അദ്ദേഹം സന്ദർശിക്കുകയും കർഷകരുമായ സംവദിക്കുകയുമുണ്ടായി. എറണാകുളത്തും പരിസരപ്രദേശങ്ങളിലുമുള്ള ദ്വീപ് നിവാസികളുടെ ഉപജീവന ഉപാധി എന്നനിലയിലും സമീപവാസികൾക്ക് ശുദ്ധമായ മത്സ്യം ഉറപ്പുവരുത്തുന്നതിനുമായി കൂടുമത്സ്യകൃഷി കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കാനും അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി.

## കെ.വി.കെ യുടെ സംരഭകത്വ വികസന പരിപാടി കൈപ്പുസ്തകം പ്രസാധനം ചെയ്തു.

കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ദേശീയ കാർഷിക ഗവേഷണ കൗൺസിൽ ഡയറക്ടർ ജനറലുമായ ഡോ. എസ്. അയ്യപ്പൻ, കെ.വി.കെ യുടെ സംരഭകത്വ വികസന പരിപാടി കൈപ്പുസ്തകം 2015 ആഗസ്റ്റ് 13 ന് സി.എം.എഫ്.ആർ.ഐ യിൽ വെച്ചു നടന്ന ചടങ്ങിൽ പ്രസാധനം ചെയ്തു. കാലാവസ്ഥാതിജീവന കൃഷിരീതികളുടെ ദേശീയ സംരംഭം (NICRA) എന്ന പ്രോജക്ടിന്റെ അവലോകനത്തോനുബന്ധിച്ച് നടന്ന ചടങ്ങിലാണ് പ്രസാധനം നിർവ്വഹിച്ചത്.




ഐ.സി.എ.ആർ. ഡയറക്ടർ ജനറൽ ഡോ. എസ് അയ്യപ്പൻ കെ.വി.കെ യുടെ കൈപുസ്തകം പുറത്തിറക്കുന്നു: സി.എം.എഫ്.ആർ.ഐ., കൊച്ചി.

## പൊക്കാളി കർഷകർക്കായുള്ള കെ.വി.കെയുടെ മത്സ്യ വിപണി ഈ വർഷവും സജീവം

പോഷക സമ്പുഷ്ടവും പ്രകൃത്യാ ജൈവവുമായ പൊക്കാളി മത്സ്യത്തിന് പ്രചാരം നൽകുന്നതോടൊപ്പം കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി കൂടുതൽ വരുമാനം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ പൊക്കാളി പാടങ്ങളിൽ കെ.വി.കെ. നടത്തി വരാറുള്ള മത്സ്യവിപണി ഈ വർഷവും സജീവം. കടമക്കുടി, പിഴല, ചെറായി, പുതുവൈപ്പ് എന്നിവിടങ്ങളിലായി 2015 ഏപ്രിൽ 14 നും 15 നും ആണ് കൃഷിയിട വിപണി സജ്ജീകരിച്ചത്. കടമക്കുടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വത്സ ഫ്രാൻസിസും ചെറായിയിൽ പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ചിന്നമ്മ ധർമ്മനും പരിപാടികൾ ഉദ്ഘാടനം ചെയ്തു.


പൊക്കാളി പാടങ്ങളിൽ സജീവമായ കെ.വി.കെ. യുടെ മത്സ്യവിപണി: പിഴല, എറണാകുളം

## പൊതുകുളങ്ങളിൽ കളനശീകരണത്തിന് മത്സ്യങ്ങൾ: കെ.വി.കെ യുടെ പ്രദർശന പരിപാടിയ്ക്ക് തുടക്കം

ഉപയോഗശൂന്യമായ കുളങ്ങളിൽ കണ്ടുവരുന്ന പായൽ വളർച്ച; പ്രകൃതി സൗഹാർദ രീതിയിൽ തടയുക എന്ന ലക്ഷ്യത്തോടെ 2015 ജൂലൈ 31 ന് തൃപ്പൂണിത്തുറ കോടംകുളത്ത് ഗ്രാസ് കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഈ മത്സ്യങ്ങൾ സ്വന്തം ശരീരഭാഗത്തിന്റെ 2 മുതൽ 3 ഇരട്ടി വരെ പായൽ ഭക്ഷിക്കുകയും 50 കിലോ വരെ വലിപ്പം വയ്ക്കുകയും ചെയ്യുന്നതാണ്. കുളങ്ങളിൽ ഇവയ്ക്ക് പ്രജനനം നടത്താൻ കഴിയില്ല എന്നതുകൊണ്ട് ക്രമാതീതമായി പെറ്റുപെരുകുകയില്ല. തൃപ്പൂണിത്തുറ മുനിസിപ്പൽ ചെയർമാൻ ആർ. വേണുഗോപാലാണ് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപന മേധാവി ഡോ. എ. ഗോപാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.


പായൽ നിർമ്മാർജനത്തിന് കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു: തൃപ്പൂണിത്തുറ, എറണാകുളം.

## ജൈവ അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് കെ.വി.കെ.യുടെ കർമ്മ സേന

ജില്ലയിലെ, പ്രത്യേകിച്ചും നഗര പ്രദേശങ്ങളിലെ വീടുകളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി കെ.വി.കെ യുടെ പരിശീലനം സിദ്ധിച്ച ആളുകളെ ഉൾപ്പെടുത്തി ഒരു തൊഴിൽ സേന രൂപികരിച്ചു. കെ.വി.കെ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ മിശ്രിതം തയ്യാറാക്കി ഗ്രോബാഗുകളിൽ നിറച്ച് വിളകൾ നട്ടുകൊടുക്കുന്നതിനൊപ്പം അച്ചടിച്ച 100 ദിന കർമ്മ പരിപാടിയും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്. ഗുണമേന്മയുള്ള ജൈവ ഉത്പാദന ഉപാധികളും ഇവർ വിതരണം ചെയ്യുന്നുണ്ട്.


കെ.വികെ യുടെ അടുക്കളത്തോട്ടം നിർമ്മാണ സംഘം ഗ്രോ ബാഗുകൾ തയ്യാറാക്കുന്നു: എടവനക്കാട്, എറണാകുളം


## തെങ്ങ് ഗവേഷണ-പ്രദർശന പദ്ധതിയ്ക്ക് ജില്ലയിലും തുടക്കമായി

കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ധന സഹായത്തോടുകൂടി സംസ്ഥാനത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളും കൃഷി വിജ്ഞാന കേന്ദ്രങ്ങളും പങ്കെടുക്കുന്ന സംസ്ഥാന തല തെങ്ങ് ഗവേഷണ - പ്രദർശന പദ്ധതിയ്ക്ക് എറണാകുളത്തും തുടക്കമായി. തെങ്ങധിഷ്ടിത കൃഷി സമ്പ്രദായങ്ങളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുകയും അതിനായുള്ള വിവിധ മാർഗങ്ങൾ കർഷകർക്കായി പ്രദർശിപ്പിക്കുക എന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം. ജില്ലയിൽ ഏഴാറ്റുമുഖം, മൂക്കന്നൂർ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.


എം.എൽ.എ ശ്രീ. ജോസ് തെറ്റയിൽ പ്രോജക്ടിന്റെ ഉത്ഘാടനം നിർവ്വഹിക്കുന്നു: അങ്കമാലി, എറണാകുളം.

## ജൈവ പച്ചക്കറി കൃഷിയ്ക്ക് നൂറ് ദിന കർമ്മ പരിപാടി

ജൈവ കൃഷിയിൽ ചികിത്സയേക്കാൾ മുൻകരുതലിനാണ് പ്രാധാന്യമെന്ന തത്വത്തിൽ അധിഷ്ഠിതമായ ഒരു നൂറ് ദിന കർമ്മ പരിപാടി കെ.വി.കെ. പുറത്തിറക്കി. ചെടി നട്ട് നൂറ് ദിവസത്തേക്ക് ദിവസേന ചെയ്യേണ്ടുന്ന കാര്യങ്ങൾ വിശദമായി പ്രതിപാദിച്ചിരിക്കുന്ന ഈ പ്രസിദ്ധീകരണം പ്രധാനമായും പുതുതായി കൃഷി പരീക്ഷിക്കുന്നവർക്ക് വേണ്ടിയുള്ളതാണ്. ഉത്പാദനോപാധികളെക്കുറിച്ചും ഗ്രോബാഗ് മിശ്രിതം തയ്യാറാക്കുന്നതിനെക്കുറിച്ചുമെല്ലാം വിശദമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ അറ്റിക്/കെ.വി.കെ വിപണന കേന്ദ്രത്തിൽ നിന്നും അച്ചടിച്ച കോപ്പി വാങ്ങാവുന്നതും കെ.വി.കെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.




## കെവികെ പ്രദർശിപ്പിച്ച സാങ്കേതിക വിദ്യകൾക്ക് സബ്സിഡി സഹായം

ജില്ലയിലെ മലയോര മേഖലയിലെ ഉപയോഗശൂന്യമായ കരിങ്കൽ ക്വാറികളിലും തീരപ്രദേശത്തെ പൊക്കാളി പാടങ്ങളിലും വിജയകരമായി കെ.വി.കെ. നടത്തിയ കൂടുമത്സ്യകൃഷി പ്രദർശന പരിപാടികളുടെ തുടർച്ചയായി ഈ സാങ്കേതിക വിദ്യ കൂടുതൽ കർഷകരിലേക്ക് വ്യാപിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന മത്സ്യകൃഷി വികസന ഏജൻസി, (FFDA) കരിങ്കൽ ക്വാറികളിലും പൊക്കാളി പാടങ്ങളിലുമുള്ള കൂടുമത്സ്യകൃഷിക്ക് സബ്സിഡി സഹായം പ്രഖ്യാപിച്ചിരിക്കുന്നു. പൊക്കാളി പാടങ്ങളിൽ രണ്ട് കൂടുകളുടെ 50 യൂണിറ്റുകൾ ആണ് ഈ വർഷത്തെ സബ്സിഡി ധന സഹായത്തിന് അർഹമായത്. 1 യൂണിറ്റിന് 5000 രൂപ ആണ് ധന സഹായം ലഭിക്കുക. മേൽ പറഞ്ഞ സബ്സിഡി പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകുന്നത് കെ.വി.കെ. യാണ്.




കെ.വി.കെ യുടെ കർഷക പങ്കാളി പാറമടയിലെ കൂടുമത്സ്യകൃഷിയിടത്തിൽ: അങ്കമാലി, എറണാകുളം

# സ്വച്ഛ് ഭാരത് അഭിയാൻ

## മീൻ അവശിഷ്ടങ്ങളിൽ നിന്ന് കെ.വി.കെ. യുടെ ജൈവ വളം - ഫിഷ്‌ലൈസർ

സ്വച്ഛ് ഭാരത് അഭിയാൻ പരിപാടിയുടെ ഭാഗമായി അവശിഷ്ടങ്ങൾ സംസ്കരിച്ച് ജൈവ വളമാക്കി അതുപയോഗിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കണമെന്ന കാർഷിക ശാസ്ത്രജ്ഞരോടുള്ള പ്രധാനമന്ത്രിയുടെ പാട്ന ആഹ്വാനത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് മീൻ അവശിഷ്ടങ്ങളിൽ നിന്നും കെ.വി.കെ. ഉണ്ടാക്കിയ ജൈവവളം-ഫിഷ്‌ലൈസർ, 2015 ആഗസ്റ്റ് 14 ന് സി.എം.എഫ്.ആർ.ഐ യിൽ വെച്ച് നടന്ന ചടങ്ങിൽ ദേശീയ കാർഷിക ഗവേഷണ കൗൺസിൽ വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. എ.കെ. സിങ് പുറത്തിറക്കി. മീൻ അവശിഷ്ടങ്ങളിൽ നിന്നും സൂക്ഷ്മാണുക്കൾ ഉപയോഗിച്ച് ദുർഗന്ധം ഇല്ലാത്തരീതിയിൽ വിഘടനം നടത്തി ചകിരിചോറിൽ അടക്കം ചെയ്താണ് ഈ ജൈവവളം ഉണ്ടാക്കുന്നത്. ചെടികൾക്കാവശ്യമായ മൂലകങ്ങൾ എല്ലാമുണ്ട് എന്നതിനു പുറമെ കടൽ മത്സ്യങ്ങളിൽ ഉള്ള അമിനോ അമ്ലങ്ങൾ ചെടികൾ പൂക്കുന്നതിനും കായ പിടിക്കുന്നതിനും സഹായിക്കുന്നു. സി.എം.എഫ്.ആർ.ഐ യിൽ ഉള്ള വിപണന കേന്ദ്രത്തിൽ നിന്നും 500 ഗ്രാം പാക്കറ്റുകളിൽ ഫിഷ്‌ലൈസർ ലഭ്യമാണ്. ഗ്രോബാഗ് ഒന്നിന് തുടക്കത്തിൽ 200 ഗ്രാമും ശേഷം 15 ദിവസത്തെ ഇടവേളകളിൽ 50 ഗ്രാം വീതവും ഇട്ടു കൊടുക്കേണ്ടതാണ്.



എറണാകുളം മാർക്കറ്റിലെ ജൈവ അവശിഷ്ടങ്ങൾ കെവികെ യിൽ ജൈവവളമാകുന്നു.




## അന്തർദേശീയ പരിശീലനാർത്ഥികളുടെ കെ.വി.കെ സന്ദർശനം

ഹൈദരാബാദിലെ ദേശീയ കാർഷിക വിജ്ഞാന വ്യാപന സ്ഥാപനത്തിന്റെ അഭിമുഖ്യത്തിൽ കാർഷിക വിജ്ഞാന വ്യാപന പരിപാലനത്തിലെ പുതിയ മാനങ്ങൾ എന്നവിഷയത്തിൽ നടത്തിയ അമേരിക്ക-ഇന്ത്യ- ആഫ്രിക്ക ത്രികോണ അന്തർദേശീയ പരിശീലന പരിപാടി യുടെ ഭാഗമായി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള പരിശീലനാർത്ഥികൾ 2015 ആഗസ്റ്റ് 11 ന് കെ.വി.കെ. യുടെ കർഷക പങ്കാളിത്ത പരീക്ഷണ കൃഷിയിടങ്ങൾ സന്ദർശിക്കുകയുണ്ടായി.



പരിശീലനാർത്ഥികൾ കൃഷിയിടങ്ങൾ സന്ദർശിക്കുന്നു: കടമക്കുടി, എറണാകുളം

## കെ..വി.കെ. യുടെ കുടുംബശ്രീ പങ്കാളിത്ത പ്രവർത്തനങ്ങൾക്ക് അംഗീകാരം

കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ വാർഷികത്തോടനുബന്ധിച്ച് 2015 ആഗസ്റ്റ് 20 ന് കളമശ്ശേരി ടൗൺ ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ ജില്ലാ കുടുംബശ്രീ മിഷൻ നടത്തുന്ന കാർഷിക പ്രവർത്തനങ്ങൾക്ക് കെ.വി.കെ നൽകി വരുന്ന സാങ്കേതിക സഹായത്തിനുള്ള അംഗീകാരമായി ശ്രീ. അൻവർ സാദത്ത് എം. എൽ.എ പുരസ്കാരം സമ്മാനിക്കുകയുണ്ടായി.



കെ.വി.കെ മേധാവി ഡോ. ഷിനോജ് സുബ്രമണ്യൻ, ശ്രീ. അൻവർ സാദത്ത് എം.എൽ.എ. യിൽ നിന്ന് പുരസ്കാരം സ്വീകരിക്കുന്നു.




ജൈവ കൃഷിയിലെ ഗുണ നിലവാര നിയന്ത്രണ ബോധവൽക്കരണ പരിപാടി: ആയ്യമ്പുഴ, എറണാകുളം

## ജൈവകൃഷിയിലെ ഗുണനിലവാരം: കെ.വി.കെ ബോധവത്കരണ പരിപാടികൾ നടത്തി

ജൈവകൃഷിയ്ക്കായുള്ള ഉത്പാദന ഉപാധികളുടെ ഗുണനിലവാരത്തിന് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ടുള്ള ബോധവത്കരണ പരിപാടികൾ കെ. വി. കെ യുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നടത്തുകയുണ്ടായി. കാലടി, കോതമംഗലം, അയ്യമ്പുഴ, തിരുമാറാടി എന്നിവിടങ്ങളിൽ നടന്ന പരിപാടികളിൽ 870 ഓളം കർഷകർ പങ്കെടുത്തു. ഉത്പാദന ഉപാധികളുടെ ഗുണനിലവാരമില്ലായ്മ ഉത്പാദനം കുറയ്ക്കുകയും അതുവഴി കർഷകരുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുകയും ചെയ്യുന്നത് ജൈവ കൃഷി പ്രസ്ഥാനങ്ങൾക്ക് തിരിച്ചടിയായിരിക്കും എന്നതുകൊണ്ടാണ് കെ.വി.കെ ഇത്തരം ഒരു ബോധവത്കരണ പരിപാടിക്ക് തുടക്കമിട്ടത്.

## കെ.വി.കെ. യുടെ ആട് കൃഷി പ്രോത്സാഹന പരിപാടികൾക്ക് തുടക്കം

ജില്ലയിൽ സുരക്ഷിത ഇറച്ചി ഉത്പാദനം ലക്ഷ്യമാക്കി ആടുകൃഷിക്ക് സാങ്കേതിക സഹായം നൽകുന്നതോടൊപ്പം സുസ്ഥിര കൃഷിക്കായി ആട് കർഷക കൂട്ടായ്മകൾ രൂപീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടി കർഷകരുമായുള്ള മുഖാ മുഖം പരിപാടി വൈപ്പിൻ ബ്ലോക്കിൽ നടത്തുകയുണ്ടായി. ഇതിന് തുടർച്ചയായി ആട് കർഷകർ, കൂട് നിർമ്മാതാക്കൾ, ഇറച്ചി കച്ചവടക്കാർ തുടങ്ങി ഈ മേഖലയിലെ എല്ലാത്തരം സംരംഭകരുടെയും വിലാസം ഉൾപെടുത്തി ഡയറക്ടറി തയ്യാറാക്കാനുള്ള ഒരുക്കത്തിലാണ് കെ.വി.കെ. വിപണനരംഗത്ത് കർഷകർക്ക് പ്രാമുഖ്യം ഉറപ്പാക്കാനായി ഒരു ആട് കർഷക കമ്പനിയാണ് കെ.വി.കെ ലക്ഷ്യമിടുന്നത്.



DECCAN CHRONICLE FRIDAY | 10 JULY 2015 | KOCHI

■ To set up farmer producer company

**KVK to promote goat farming for safe meat**

SMITHA N | DC
KOCHI, JULY 9

Krishi Vigyan Kendra, Ernakulam is planning to promote goat farming as a profitable venture for safe meat production. To develop goat farming as a sustainable venture, KVK is planning to constitute a Farmer Producer Company.

The Kendra is also collaborating with ICAR-Central Institute of Research in Goats, Makhdoom, Uttar Pradesh for recent technological inputs for the programme.

In the first step, the agency will prepare a directory of goat farmers, stable or shed manufacturers, meat dealers and related entrepreneurs in Ernakulam district.

"Goat rearing is easy and profitable enterprise when compared to cow farming. Not big investment is needed and even women and children can easily manage the animals. KVK has proposed the initiative to ensure availability of safe to eat meat," said Shinoj Subrahmanian, programme coordinator and senior scientist, KVK.

In view of the scare of use of antibiotics in chicken and poor hygiene standards of other meats, there has been high demand for domestically produced meat products. With a requirement metric tonnes per annum, Kerala is the highest consumer of meat while the state's domestic production is only about 2 lakh metric tonnes.

The Farmer Producer Company will give training and support in rearing the animals. Goat meat is one of the choicest meats and has huge domestic demand. Despite being classified as red meat, goat is leaner and contains less cholesterol, fat than both pork and beef.

**HUGE DEMAND**

■ With a requirement of 3.5 lakh metric tonnes per annum, Kerala is the highest consumer of meat

■ However the state's domestic production is only about 2 lakh metric tonnes

## പ്രീ ഖാരീഫ് ക്യാമ്പെയ്നുകൾ

വിശാല കൊച്ചി വികസന അതോററ്റിയുമായി സഹകരിച്ച് 2015 ആഗസ്റ്റ് 18 മുതൽ 27 വരെ എറണാകുളം രാജേന്ദ്ര മൈതാനിയിൽ കെ.വി.കെ പ്രീ ഖാരീഫ് ക്യാമ്പെയ്നുകൾ നടത്തുകയുണ്ടായി. ഇതിൽ വെച്ച് കെ.വി.കെ. യുടെ ജൈവപച്ചക്കറി കൈപുസ്തകം, പ്രശസ്ത സിനിമാതാരവും ജൈവ കൃഷി പ്രചാരകനുമായ ശ്രീ. ശ്രീനിവാസനും എറണാകുളം എം.എൽ.എ. ഹൈബി ഈഡനും ചേർന്ന് പ്രകാശനം ചെയ്യുകയുണ്ടായി. കൊച്ചി മേയർ ശ്രീ. ടോണി ചമ്മണി, ജി.സി.ഡി.എ. ചെയർമാൻ ശ്രീ. വേണു ഗോപാൽ എന്നിവർ സന്നിഹിതരായിരുന്നു. കെ.വി.കെ. യുടെ വിവിധ ഉത്പന്നങ്ങൾ, പ്രസിദ്ധീകരണങ്ങൾ മറ്റ് സാങ്കേതിക വിദ്യകൾ എന്നിവ പ്രദർശിപ്പിച്ച സ്റ്റാൾ ഏകദേശം 2500 ഓളം പേർ സന്ദർശിക്കുകയുണ്ടായി. ഇതോടോപ്പം ആഗസ്റ്റ് 24 ന് നടത്തിയ ജൈവകൃഷി പരിശീലന പരിപാടികളിൽ 200 ഓളം കർഷകരും പങ്കടുക്കുകയുണ്ടായി.

2013 ആഗസ്റ്റ് 14,15 തിയ്യതികളിൽ കോട്ടയം കെ.വി.കെ. നടത്തിയ പ്രീ ഖാരിഫ് ശിൽപശാല 'ഉണർവിൽ' എറണാകുളം കെ.വി.കെ. യും പങ്കെടുക്കുകയുണ്ടായി. ആയിരത്തോളം കർഷകർ എറണാകുളം കെ.വി.കെ സ്റ്റാൾ സന്ദർശിച്ചു.



ശ്രീ. ശ്രീനിവാസനും, ശ്രീ. ഹൈബി ഈഡൻ എം.എൽ.എ. യും ചേർന്ന് കെവി.കെ. യുടെ കൈപ്പുസ്തകം പുറത്തിറക്കുന്നു.

## ഫോൺ ഇൻ പരിപാടി

കെ.വി.കെ യുടെ സാങ്കേതിക സഹായത്തോടെ കൊച്ചി മലയാള മനോരമയിൽ വെച്ച് 2015 മെയ് 12 ന് വീട്ടുവളപ്പിലെ ജൈവപച്ചക്കറി കൃഷി എന്ന വിഷയത്തിൽ ഫോൺ ഇൻ പരിപാടി നടത്തുകയുണ്ടായി. നൂറോളം ഫോൺ വിളികളിൽ നിന്നു ലഭിച്ച സംശയങ്ങൾക്ക് ഉത്തരം നൽകിയത് കൂടാതെ തിരഞ്ഞെടുത്ത ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടുത്തിയ റിപ്പോർട്ട് മനോരമ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇത് ജില്ലയിലെ ഏകദേശം 3 ലക്ഷം ആളുകളിൽ എത്തിയിട്ടുണ്ടാകും എന്ന് കണക്കാക്കുന്നു.



മലയാള മനോരമ
2015 മെയ് 10

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി: ഫോൺ ഇൻ പരിപാടി 12ന്

# വിവിധ പരിപാടികളിൽ കെ.വി.കെ. യുടെ പങ്കാളിത്തം

1. ശ്രീ. ഷോജി ജോയി എഡിസൺ, കാസർകോട് കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനത്തിൽ വെച്ച് 2015 ഏപ്രിൽ 9 ന് നടത്തിയ കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രൊജക്ട്-തെങ്ങ് അധിഷ്ഠിത കൃഷി രീതിയിലെ ഉത്പാദന വർദ്ധനവിന്റെ അവലോകന യോഗത്തിൽ പങ്കെടുത്തു.

2. ഡോ. ഷിനോജ് സുബ്രമണ്യൻ ദില്ലിയിൽ വെച്ച് 2015 ഏപ്രിൽ 13, 14 തിയ്യതികളിൽ നടന്ന ദേശീയ കാർഷിക ഗവേഷണ  കൗൺസിലിലെ എൻജിനീയ റിംഗ് ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ കൂടുതൽ അർത്ഥവത്താക്കുന്നതിനെക്കുറിച്ചുള്ള ശിൽപശാല യിൽ പങ്കെടുത്തു.

3. ശ്രീ. ഷോജി ജോയ് എഡിസൺ 2015 ഏപ്രിൽ 18 ന് തിരുവന്തപുരത്ത് സമേതിയിൽ വെച്ച് നടന്ന കീടരോഗനിരീക്ഷണത്തിൽ അധിഷ്ഠിതമായ കാർഷിക ഉപദേശങ്ങൾ എന്ന പ്രോജക്ടിന്റെഅവലോകന യോഗത്തിൽ പങ്കെടുത്തു.

4. ഡോ. ഷിനോജ് സുബ്രമണ്യൻ, ഡോ. വികാസ് പി. എ എന്നിവർ 2015 ഏപ്രിൽ 24 ന് ഹൈദരാ ബാദിലെ ദേശീയ മത്സ്യവികസന ബോർഡിൽ *(NFBD)* വെച്ച് നടന്ന കരിമീൻ വിത്തുത്പാദന- പരിശീലന സൗകര്യങ്ങൾ എന്ന പ്രൊജക്റ്റിന്റെ അവലോകന യോഗത്തിൽ പങ്കെടുത്തു.

5. ഡോ. ഷിനോജ് സുബ്രമണ്യൻ, 2015 മെയ് 20, 23  തിയ്യതികളിലായി ഷിമോഗയിലെ കാർഷിക സർവകലാശാലയിൽവെച്ച് നടന്ന ദക്ഷിണേന്ത്യൻ കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ വാർഷിക അവലോകന യോഗത്തിൽ പങ്കെടുത്തു.

6. ഡോ. കെ. സ്മിത ശിവദാസൻ 2015 ജൂൺ 2 ന് പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ച് നടന്ന കാർഷിക സർവകലാശാല യുടെ മധ്യമേഖല, ഗവേക്ഷണ- വിജ്ഞാന വ്യാപന ഉപദേശക സമിതി യോഗത്തിൽ പങ്കെടുത്തു.

7. ഡോ. ഷിനോജ് സുബ്രമണ്യൻ 2015 ജൂലായ് 24, 27 തിയ്യതികളിൽ പാറ്റ്നയിൽ വെച്ച് നടന്ന കെ.വി.കെ. കളുടെ ദേശീയ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

8. ഡോ. ഷിനോജ് സുബ്രമണ്യൻ, പുഷ്പരാജ് ആഞ്ചലോ. എഫ്, സ്മിത ശിവദാസൻ. കെ., വി കാസ് പി.എ എന്നിവർ 2015 ആഗസ്റ്റ് 4 ന് തൃശ്ശൂർ കെ.വി.കെ യിൽ വെച്ച് നടന്ന കർഷക ഉത്പാദക കമ്പനികളെകുറിച്ചുള്ള  നബാർഡ് ശിൽപശാലയിൽ പങ്കടുത്തു.

9. ഡോ. ഷിനോജ് സുബ്രമണ്യൻ, ശ്രീ. ഷോജി ജോയ് എഡിസൺ, ഡോ. കെ സ്മിത ശിവദാസൻ, ഡോ, പി എ. വികാസ് എന്നിവർ കൊച്ചി സി.എം. എഫ്.ആർ.ഐ. യിൽ വെച്ച് 2015 ആഗസ്റ്റ് 13, 14 തിയ്യതികളിൽ നടന്ന കാലാവസ്ഥതിജീവന കൃഷി രീതികളുടെ ദേശീയ സംരംഭം (NICRA)  പ്രോജക് ടിന്റെ ദേശീയ അവലോകന യോഗത്തിൽ പങ്കെടുത്തു.

10. ശ്രീ. പുഷ്പരാജ് ആഞ്ചലോ. എഫ്., 2015 സെപ്റ്റംബർ 11 ന് നാമക്കൽ കെ.വി.കെ. യിൽ വെച്ച് നടന്ന *കർഷക ഉത്പാദക കമ്പനി രൂപീകരണത്തിൽ കെവികെയുടെ പങ്ക്* എന്ന വിഷയത്തിൽ നടത്തിയ ശിൽപശാലയിൽ പങ്കെടുത്തു.

11. ശ്രീമതി. ശ്രീലത.പി, 2015 സെപ്റ്റംബർ 14 മുതൽ 23 വരെ തിരുവനന്തപുരത്ത് കേന്ദ്രകിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിൽ വെച്ച് നടത്തിയ കിഴങ്ങു വർഗ്ഗങ്ങളുടെ മൂല്യവർദ്ധനവിൽ സംരംഭക സാധ്യതകൾ എന്ന ഹ്യസ്വകാല കോഴ്സിൽ പങ്കെടുത്തു.

12. ഡോ. ഷിനോജ് സുബ്രമണ്യൻ 2015 സെപ്റ്റംബർ 18 ന് തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽവെച്ച് കേരള സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ വൃക്ഷായുർവേദ ഏകദിന ശിൽപശാലയിൽ പങ്കെടുത്തു.

# കെ.വി.കെ. പ്രസിദ്ധീകരണങ്ങൾ

## ലേഖനങ്ങൾ

1. വികാസ്. പി.എ & ഷിനോജ് സുബ്രമണ്യൻ. 2015 കറുത്തമുത്തിന് പേര് പേൾപ്ലസ്. കേരള കർഷകൻ, ഏപ്രിൽ വാല്യം 60, നമ്പർ.9 (65)

2. വികാസ് പി.എ. & ഷിനോജ് സുബ്രമണ്യൻ. 2015. പൊക്കാളി പുനരുജ്ജീവനത്തിന് പുതിയ കൃഷി രീതി. സംരംഭം, ജൂൺ-22-25., വാല്യം 21, നമ്പർ.5 (68)

3. ഷോജി ജോയ് എഡിസൺ, ദീപ്തി. എൻ. വി, ഷിനോജ് സുബ്രമണ്യൻ. 2015. ജൈവ പച്ചകറി കൃഷി 100 ദിന പരിപാടി. കൃഷി വിജ്ഞാന കേന്ദ്രം. കൃഷി വിജ്ഞാന പരമ്പര-3/ആഗസ്റ്റ്.

4. വികാസ്. പി.എ. & ഷിനോജ് സുബ്രമണ്യൻ. 2015. കരിമീനിന് മുട്ടയിടാൻ കളമൊരുക്കാം. കേരള കർഷകൻ, ആഗസ്റ്റ് വാല്യം 61, നമ്പർ.1, 14-15

5. പുഷ്പരാജ് ആഞ്ചലോ. എഫ്. 2015. വേപ്പിൻ പിണ്ണാക്ക്: കർഷകൻ അറിയേണ്ടത്. കർഷകശ്രീ, ആഗസ്റ്റ്, വാല്യം 21, നമ്പർ.9, 47-48

6. ഷോജി ജോയ് എഡിസൺ & പുഷ്പരാജ് ആഞ്ചലോ. എഫ്. 2015. "വീട്ടാവശ്യത്തിനു കറിവേപ്പു കൃഷി" കർഷകശ്രീ, സെപ്റ്റംബർ വാല്യം 21, നമ്പർ.9, 47/48

7. സ്മിത ശിവദാസൻ. കെ. 2015. പൈനാപ്പിൾ സൈലേജ്. കർഷകശ്രീ സെപ്റ്റംബർ, വാല്യം 21, നമ്പർ.9, 94

## പുസ്തകങ്ങൾ

1. ഷോജി ജോയ് എഡിസൺ, ദീപ്തി എൻ.വി, ഷിനോജ് സുബ്രമണ്യൻ. 2015. ജൈവ പച്ചക്കറി കൃഷിയ്ക്കൊരു കൈപ്പുസ്തകം, കൃഷി വിജ്ഞാന കേന്ദ്രം, സി.എം.എഫ്.ആർ.ഐ.

2. ഷിനോജ് സുബ്രമണ്യൻ, വികാസ്. പി.എ, പുഷ്പ രാജ് ആഞ്ചലോ എഫ്. 2015. സംരംഭകത്വ വികസന പരിപാടി ഐ.സി.എ.ആർ.- സി.എം.എഫ്.ആർ.ഐ. പ്രസിദ്ധീകരണം.

## റേഡിയോ/ടി.വി. പരിപാടികൾ

1. ശ്രീ ഷോജി ജോയ് എഡിസൺ 2015 ജൂൺ 26 ന് ടി.വി. ന്യൂ ചാനലിലെ ഹരിതഗൃഹങ്ങളെക്കുറിച്ചുള്ള തത്സമയ പരിപാടിയിൽ പങ്കെടുത്തു.

2. ഡോ. കെ. സ്മിത ശിവദാസൻ പൈനാപ്പിൾ സൈലേജ് എന്ന വിഷയത്തിൽ അതുല്യ കമ്മ്യൂണിറ്റി റേഡിയോയുടെ ഹരിതഭൂമി പരിപാടിയിൽ 2015 സെപ്റ്റംബർ 5 ന് സംസാരിച്ചു.

3. ഡോ. ഷിനോജ് സുബ്രമണ്യൻ 2015 സെപ്റ്റബർ 9 ന് കൊച്ചി എഫ്.എം 102.3 കിസാൻവാണി പരിപാടിയിൽ എറണാകുളം കെ.വി.കെ യുടെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു.

# ആത്മ കെ.വി.കെ. സംയുക്ത പരിപാടികൾ

ആത്മ-കെ.വി.കെ. സംയുക്താഭിമുഖ്യത്തിൽ 2015 മെയ് 25 ന് കങ്ങരപ്പടിയിലും മെയ് 13 ന് ചേരാനെല്ലൂരിലും വെച്ച് പഞ്ചഗവ്യ നിർമാണത്തിൽ രണ്ട് പരിശീലന പരിപാടികൾ നടത്തുകയുണ്ടായി. 2015 ആഗസ്റ്റ് 10 ന് കങ്ങരപ്പടിയിലെ നന്മ കർഷക സംഘത്തിനായി ഫിഷ് അമിനോ ആസിഡ് ഉത്പാദനം, ബ്രാൻഡിഗ്, വിപണനം എന്നീ വിഷയങ്ങളിൽ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. റിപ്പോർട്ട് കാലയളവിൽ 6 ആത്മ പ്രതിമാസ സാങ്കേതിക ഉപദേശക യോഗങ്ങളിൽ പങ്കെടുത്തു. 2015 മെയ് 25 ന് നടന്ന പ്രതിമാസ ഉപദേശക യോഗത്തിൽ വെച്ച് ശ്രീ. ഷോജി ജോയ് എഡിസൺ ജില്ലയിലെ ഉദ്യാനകൃഷിമേഖലയിൽ പഠനവിധേയമാക്കേണ്ടുന്ന കാര്യങ്ങൾ എന്ന വിഷയത്തിലും 2015 സെപ്റ്റംബർ 22 ന് പുത്തൻ തലമുറ കീടനാശിനികൾ എന്ന വിഷയത്തിലും രണ്ട് ക്ലാസുകൾ എടുക്കുകയുണ്ടായി.

റിപ്പോർട്ട് കാലയളവിൽ 2015 സെപ്റ്റബർ 10 ന് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ആത്മ ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു.

## സി.എം.എഫ്.ആർ.ഐ-എ.റ്റി.ഐ.സി/കെ.വി.കെ വിപണന കേന്ദ്രം

കൊച്ചിയിൽ ഹൈക്കോടതി ജംഗ്ഷനടുത്ത് ഗോശ്രീ റോഡിൽ സ്ഥിതിചെയ്യുന്ന കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (CMFRI)യിലാണ് കെ.വി.കെ യുടെ വിപണന കേന്ദ്രം പ്രവർത്തിക്കുന്നത്. എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണിമുതൽ 4 മണിവരെയാണ് പ്രവർത്തന സമയം. ഫോൺ:0484 2394867 extn 468

## വില വിവര പട്ടിക

| ക്രമ.നം | ഇനം | അളവ് | വില (₹)** |
|---|---|---|---|
| 1 | അമിനോപ്ലസ് | 200 മില്ലി | 45 രൂപ |
| 2 | ഓർഗാനോ എക്സൽ | 1 കിലോ | 75 രൂപ |
| 3 | പഞ്ചഗവ്യം | 200 മില്ലി | 50 രൂപ |
| 4 | നീം-ഡി-പെസ്റ്റ് | 250 ഗ്രാം | 65 രൂപ |
| 5 | വേപ്പെണ്ണ* | 200 മില്ലി | 70 രൂപ |
| 6 | വേപ്പിൻപിണ്ണാക്ക് | 1 കിലോ | 45 രൂപ |
| 7 | പുകയില കഷായം കിറ്റ് | ഒന്നിന് | 45 രൂപ |
| 8 | കായീച്ച കെണി | ഒന്നിന് | 35 രൂപ |
| 9 | ഫിറമോൺ കെണി (പച്ചക്കറി) | ഒന്നിന് | 155 രൂപ |
| 10 | ഫിറമോൺ കെണി (മാവിന്) | ഒന്നിന് | 155 രൂപ |
| 11 | വെജിബിൾ ടോപ്പ് അപ്പ് | 500 ഗ്രാം | 80 രൂപ |
| 12 | ബനാന ടോപ്പ് അപ്പ് | 500 ഗ്രാം | 80 രൂപ |
| 13 | ഫിഷ്‌ലൈസർ | 500 ഗ്രാം | 30 രൂപ |
| 14 | പച്ചക്കറി വിത്തുകൾ | പാക്കറ്റിന് | 10-20 രൂപ |
| 15 | പേൾപ്ലസ് തീറ്റ PS1/PS2/PS3 | 1കിലോ | 100 രൂപ |
| 16 | പേൾപ്ലസ് തീറ്റ PS5 | 1കിലോ | 90 രൂപ |

* വേപ്പെണ്ണ 20 കിലോഗ്രാം പായ്ക്കറ്റിൽ സർക്കാർ സ്ഥാപനങ്ങൾക്ക് ലഭ്യമാണ്.
** വില മാറ്റത്തിന് വിധേയമാണ്. കെ.വി.കെ. വിപണന കേന്ദ്രത്തിൽ നിന്നും നേരിട്ട് വാങ്ങുന്നവർക്ക് വിലക്കിഴിവ് ഉണ്ടായിരിക്കും.

## വിലയ്ക്കു വാങ്ങാവുന്ന പ്രസിദ്ധീകരണങ്ങൾ

| ക്രമ.നം | പേര് | വില (₹) |
|---|---|---|
| 1 | ജൈവ പച്ചക്കറി കൃഷിയ്ക്ക് 100 ദിന കർമ്മ പരിപാടി | 5 |
| 2 | ജൈവ പച്ചക്കറി കൃഷിയ്ക്കൊരു കൈപ്പുസ്തകം | 30 |
| 3 | ജൈവ - സൂക്ഷ്മാണു- സൂക്ഷ്മ മൂലക കൂട്ടുകൾ ഒരു പരിചയം | 10 |
| 4 | നാടൻ വിത്തിനങ്ങളുടെ രജിസ്ട്രേഷനും കർഷകരുടെ അനുബന്ധ അവകാശങ്ങളും | 5 |

# കെ.വി.കെ. യുടെ കർഷക പങ്കാളിത്ത പരിപാടികൾ

| ക്രമ നമ്പർ | പരിപാടി | സ്ഥലം | കർഷക പങ്കാളികൾ | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | കേരള കാർഷിക സർവ്വകലാശാലയുടെ പുതിയ കറി ഇഞ്ചി 8640 യും ദേശീയ സുഗന്ധ വിള കേന്ദ്രത്തിന്റെ വരദയും തമ്മിലുള്ള താരതമ്യ പഠനം | മഞ്ഞപ്ര<br>കാലടി<br>മൂക്കന്നൂർ | എ.പി. വർക്കി<br>പി.ഒ. പൗലോസ്<br>വി.എസ് വിൽസൺ<br>എം.എ. പൗലോസ് | 9947994681<br>9744155531<br>9048539400<br>9847391397 |
| 2 | ഓരു ജലാശയങ്ങളിൽ വളർത്തുന്ന സിൽവർ പൊമ്പാനോ മത്സ്യത്തിനായി സി.എം.എഫ്.ആർ. ഐ പുറത്തിറക്കിയ തീറ്റയുടെ കൃഷിയിട പരീക്ഷണം. | ചെറായി<br>ആനാപ്പുഴ<br>പള്ളിപ്പുറം<br>കണ്ണമാലി | വി.എം. കുഞ്ഞപ്പൻ<br>എം.എ. സുകുമാരൻ<br>രാജേഷ് എം.ബി.<br>അപ്പു ആന്റണി | 8592047344<br>9349854180<br>9947614868<br>9995074306 |
| 3. | ഓരു ജലാശയത്തിൽ അതിസാന്ദ്രതാ തിരുതകൃഷിയും മത്സ്യ വിപണനവും. | ചെല്ലാനം<br>കണ്ടേകടവ്<br>കുമ്പളങ്ങി | വി.ബി. രഘു<br>നീതു മെൽവിൻ<br>ആന്റണി കുഞ്ഞുമോൻ | 9645481791<br>9746274660<br>0484 248638 |
| 4. | ശുദ്ധജലാശയങ്ങളിലെ അതിസാന്ദ്രതാ മത്സ്യകൃഷി. | കറുകുറ്റി | ഫാ.ജേക്കബ് മുളവരിക്കൽ | 9447662600 |
| 5. | പൊക്കാളി പാടങ്ങളിലെ സംയോജിത നെല്ല്-മത്സ്യ-ചെമ്മീൻ കൃഷി | കടമക്കുടി<br>നെടുങ്ങാട്<br>ചക്കരച്ചാൽ<br>നായരമ്പലം<br>പിഴല തുരുത്ത്<br>ഞാറയ്ക്കൽ | പുഷ്പാംഗതൻ<br>ശ്യാം സുന്ദർ<br>വിൻസെന്റ്<br>വിനോദ് കുമാർ<br>വ്യാസ്. കെ. ആർ | 8547305812<br>8086800056<br>9847559999<br>9895255781<br>9562435149 |
| 6. | ജാതിയിലെ സംയോജിത കീട-രോഗ-പോഷക പരിപാലനം | മാട്ടൂർ | കെ.സി ബാബു<br>ജിജി ജോർജ്ജ്<br>ജോർജ്ജ് കെ.എസ്.<br>ഇട്ടിയാര കെ. പി | 9947855101<br>9445566284<br>9497202296<br>901394912 |
| 7. | നെൽ കൃഷിയിലെ സംയോജിത വിള പരിപാലനവും യന്ത്രവത്കരണവും | തിരുവാണിയൂർ | സി. ബി സേവിയർ | 9995365181 |
| 8. | അതിസാന്ദ്രതാ വാഴകൃഷിയിലെ കൃത്യതാ കൃഷിരീതി | വെണ്ണല | കൈലാസ് ആർ. കർത്ത | 9895758575 |

# കെ.വി.കെ. ടീം

| ക്രമ.നം | പേര് | സ്ഥാനം | പ്രാവീണ്യമുള്ള മേഖല | ഫോൺ.നമ്പർ |
|---|---|---|---|---|
| 1 | ഡോ. ഷിനോജ് സുബ്രമണ്യൻ | സീനിയർ സയന്റിസ്റ്റ് & ഹെഡ് | കാർഷിക സംസ്കരണവും യന്ത്രവത്കരണവും | 9496303457 |
| 2 | ശ്രീമതി.പി. ശ്രീലത | സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (ഗാർഹിക ശാസ്ത്രം) | ഭക്ഷ്യസംസ്കരണ രംഗത്തെ സംരഭകത്വ വികസനം, കാർഷിക അവശിഷ്ട സംസ്കരണം. | 9447866771 |
| 3 | ശ്രീ. എഫ്., പുഷ്പരാജ് ആഞ്ചലോ | സബ്ജെക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (കാർഷിക വിജ്ഞാന വ്യാപനം) | കർഷക കമ്പനി രൂപീകരണം, ജൈവ ഉത്പാദനോപാധികളുടെ ഗുണനിലവാരം. | 9400257798 |
| 4. | ശ്രീ. ഷോജി ജോയ് എഡിസൺ | സബ്ജെക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (ഉദ്യാന ശാസ്ത്രം) | കൃത്യതാ കൃഷി, മഴമറകൃഷി, കുടുംബകൃഷി, പച്ചക്കറി തൈ ഉത് പാദനം. | 9746469404 |
| 5 | ഡോ. കെ. സ്മിത ശിവദാസൻ | സബ്ജെക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (മൃഗസംരക്ഷണം) | മൃഗസംരക്ഷണം, തീറ്റപ്പുൽ കൃഷി. | 9446012044 |
| 6. | ഡോ. വികാസ് പി.എ. | സബ്ജെക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (മത്സ്യകൃഷി) | മത്സ്യകൃഷി | 9447993980 |
| 7. | ശ്രീമതി. ദീപ്തി എൻ.വി. | പ്രോഗ്രാം അസിസ്റ്റന്റ് | ജൈവകൃഷി, സുരക്ഷിത കൃഷി രീതികൾ | 9895523463 |
| 8. | ശ്രീ. അഗസ്റ്റസ് ജൂലിൻ രാജ് | ഓഫീസ് അസിസ്റ്റന്റ് | കെ.വി. കെ ഉത്പന്നങ്ങളുടെ വിപണനം | 9447200573 |
| 9 | ശ്രീമതി. റിൻസി കെ. ആർ | ജൂനിയർ സ്റ്റെനോഗ്രാഫർ | കെ.വി. കെ ഉത്പന്നങ്ങളുടെ വിപണനം | 9496039879 |
| 10 | ശ്രീ. എം.കെ അനിൽകുമാർ | സ്കിൽഡ് സപ്പോർട്ട് സ്റ്റാഫ് | | 9746282904 |
| 11 | കുമാരി. നിഷിദ പി | സ്കിൽഡ് സപ്പോർട്ട് സ്റ്റാഫ് | | 9526941358 |

# വ്യക്തിഗത നേട്ടങ്ങൾ

ശ്രീ. ഷോജി ജോയി എഡിസൺ 2015 മെയ് 25 മുതൽ 28 വരെ കൊച്ചിയിൽ വെച്ച് നടന്ന ദേശീയ കാർഷിക ഗവേഷണ കൗൺസിൽ ഇന്റർ-ഇൻസ്റ്റിറ്റ്യൂഷണൽ കായിക മേളയിൽ സി.എം.എഫ്.ആർ.ഐ. യെ പ്രതിനിധീകരിച്ച് ഷോർട്ട് പുട്ടിൽ 1-ാം സ്ഥാനവും ബാസ്ക്കററ് ബോളിൽ ഒന്നാം സ്ഥാനവും 4 X 100മീ റിലെയിൽ 2 ാം സ്ഥാനവും ജാവലിംഗ് ത്രോയിൽ 3-ാം സ്ഥാനവും 400 മീ ഓട്ടത്തിൽ 3-ാം സ്ഥാനവും കരസ്ഥമാക്കി. കായിക മേളയിൽ സി. എം. എഫ്.ആർ.ഐ ചാമ്പ്യന്മാരായി


ശ്രീ. ഷോജി ജോയ് എഡിസൺ സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ: എ. ഗോപാലകൃഷ്ണനിൽ നിന്നും മെഡൽ ഏറ്റുവാങ്ങുന്നു.


ഡോ. പി.എ. വികാസ് കേന്ദ്ര മന്ത്രിമാരിൽ നിന്നും അവാർഡ് ഏറ്റുവാങ്ങുന്നു.

ഡോ. പി.എ. വികാസ് ദേശീയ കാർഷിക ഗവേഷണ കൗൺസിൽ മികച്ച പി.എച്ച്.ഡി. ഗവേഷണ പ്രബന്ധനത്തിനായി ഏർപ്പെടുത്തിയ 2014 ലെ ജവഹർലാൽ നെഹ്റു പുരസ്കാരത്തിന് അർഹനായി. 50000 രൂപയും പ്രശസ്തി പത്രവും ഉൾപ്പെടുന്നതാണ് അവാർഡ്. 2015 ജുലായ് 25 ന് പാറ്റ്നയിൽ വെച്ച് നടന്ന ദേശീയ കാർഷിക ഗവേഷണ കൗൺസിൽ സ്ഥാപക ദിനാഘോഷത്തിൽ വെച്ച് കേന്ദ്ര മന്ത്രിമാരായ സഞ്ജീവ് കുമാർ ബല്യാനും, ശ്രീ. മോഹൻ റോയ് കുണ്ടാരിയയും ചേർന്നാണ് അവാർഡ് സമ്മാനിച്ചത്. സി.എം.എഫ്. ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ആയ പി.സി തോമസിനു കീഴിൽ ഫിഷറീസ് മേഖലയിൽ നടത്തിയ ഗവേഷണത്തിന് മാംഗളൂർ യൂണിവേഴ്സിററിയിൽ നിന്നാണ് അദ്ദേഹത്തിന് പി.എച്ച.ഡി. ലഭിച്ചത്. ഗവേഷണഫലമായി മത്സ്യകുഞ്ഞുങ്ങൾക്ക് നൽകുന്ന ആർട്ടീമിയ തീറ്റ തദ്ദേശീയമായി വികസിപ്പിച്ചെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

# സി.എം.എഫ് ആർ.ഐ വാർത്തകൾ

## നിക്രാ പ്രൊജക്ട് ദേശീയ അവലോകന യോഗം

കാലാസ്ഥാതിജീവന കൃഷിരീതികളുടെ ദേശീയ സംരംഭം'(NICRA) പ്രൊജക്ടിന്റെ 4-ാ മത് വാർഷിക ദേശീയ ശിൽപശാല 2015 ആഗസ്റ്റ് 13,14 തീയതികളിലായ് സി.എം.എഫ്.ആർ.ഐ യിൽ വെച്ച് നടന്നു. ദേശിയ കാർഷിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും വിവിധ സംസ്ഥാന കാർഷിക സർവകലാശാലകളിൽ നിന്നുമായ് 170 ഓളം ശാസ്ത്രജ്ഞന്മാർ പങ്കെടുത്ത ശിൽപശാല കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ദേശീയ കാർഷിക ഗവേഷണ കൗൺസിൽ ഡയറക്ടർ ജനറലുമായ ഡോ. എസ്. അയ്യപ്പൻ ഉദ്ഘാടനം നിർവഹിച്ചു. വിവിധ വകുപ്പുകളിലെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽമാർ, വൈസ്ചാൻസലർമാർ, ഡയറക്ടർമാർ തുടങ്ങി കാർഷിക ഗവേഷണ കൗൺസിലിന്റെ വിവിധ ഉന്നതാധികാരികൾ ശിൽപശാലയിൽ പങ്കെടുത്തു. പ്രോജക്ടിന്റെ നടത്തിപ്പിൽ ദേശിയതലത്തിൽ തന്നെ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ച ഗവേഷണ സ്ഥാപനങ്ങളിൽ ഒന്നായി സി.എം. എഫ്.ആർ.ഐ. യെ തിരഞ്ഞെടുക്കുകയുണ്ടായി.

## ഇന്ദിരാഗാന്ധി രാജ് ഭാഷ പുരസ്കാരം സി.എം.എഫ്.ആർ.ഐ. യ്ക്ക്

ഹിന്ദി ഭരണ ഭാഷയാക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന സ്ഥാപനങ്ങൾക്കായി ദേശീയ തലത്തിൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഇന്ദിരാ ഗാന്ധി രാജ് ഭാഷാ പുരസ്കാരം സി.എം.എഫ്.ആർ.ഐ. യ്ക്ക് ലഭിച്ചു. 2015 സെപ്റ്റംബർ 14 ന് ന്യൂഡൽഹിയിൽ വെച്ച് നടന്ന ചടങ്ങിൽ രാഷ്ട്രപതി ശ്രീ. പ്രണബ് കുമാർ മുഖർജിയിൽ നിന്നും സി.എം.എഫ്. ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പുരസ്കാരം ഏറ്റുവാങ്ങി.



സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജി യിൽ നിന്നും അവാർഡ് ഏറ്റുവാങ്ങുന്നു.

## ദേശീയ സമുദ്ര മത്സ്യ സ്ഥിതിവിവരക്കണക്ക് – 2014 സി.എം.എഫ്.ആർ.ഐ. പുറത്തിറക്കി.

ഭാരത തീരത്തെ സമുദ്രമത്സ്യസ്ഥിതി വിവരക്കണക്ക് 2015 മെയ് 2 ന് സി.എം.എഫ്. ആർ.ഐ. യിൽ വെച്ച് നടന്ന പത്ര സമ്മേളനത്തിൽ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പുറത്തിറക്കി. ലക്ഷദ്വീപും ആൻഡമാൻ നിക്കോബാർ ദ്വീപ് സമൂഹവും ഒഴികെയുള്ള ഇടങ്ങളിൽ നിന്നും 2014 ൽ 3.59 ലക്ഷം ടൺ മത്സ്യ സമ്പത്താണ് ഭാരതത്തിൽ ലഭിച്ചത്. ഇതിൽ ഒന്നാം സ്ഥാനം ഗുജറാത്തും (7.12 ലക്ഷം ടൺ) 2–ാം സ്ഥാനം തമിഴ്നാടും (6.65 ലക്ഷം ടൺ) 3–ാം സ്ഥാനം കേരളത്തിനുമാണ് (5.76 ലക്ഷം ടൺ). 2014 ൽ ഭാരതത്തിൽ ലഭിച്ച മത്സ്യ സമ്പത്തിന്റെ മൂല്യം 31754 കോടി രൂപയായാണ് കണക്കാക്കിയത്. ഇത് മുൻ വർഷത്തേക്കാൾ 8 ശതമാനം അധികമാണ്.



സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ ദേശീയ സമുദ്ര മത്സ്യ സ്ഥിതി വിവര കണക്ക് പുറത്തിറക്കുന്നു.

## കടൽപായലിൽ നിന്നും പ്രമേഹത്തെ പ്രതിരോധിക്കുന്ന സംയുക്തം സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ചു

കടൽപായലിൽനിന്നും പ്രമേഹത്തെ പ്രതിരോധിക്കുന്ന സംയുക്തം സി.എം.ആർ.ഐ.യിൽ വികസിപ്പിച്ചു. 2015 ജൂലൈ 26 ന് പാട്നയിൽ വെച്ചുനടന്ന ദേശീയ കാർഷിക ഗവേഷണ കൗൺസിൽ സ്ഥാപക ദിനത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ വെച്ച് കേന്ദ്ര കൃഷി വകുപ്പ് മന്ത്രി ശ്രീ. രാധാമോഹൻ സിങ് ഇത് പുറത്തിറക്കുകയുണ്ടായി. ടൈപ്പ് 2- പ്രമേഹത്തിന് കാരണമാവുന്ന മീഡിയേറ്റേഴ്സിനെ പ്രതിരോധിക്കാൻ കഴിയുന്ന സംയുക്തമാണിത്. ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്ക് ലൈസൻസിങ്ങിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.


സി.എം.എഫ്.ആർ.ഐ വികസിപ്പിച്ച പ്രമേഹത്തെ പ്രതിരോധിക്കുന്ന സംയുക്തം കേന്ദ്ര കൃഷി മന്ത്രി ശ്രീ.രാധാമോഹൻ സിങ് പുറത്തിറക്കുന്നു.

## മത്സ്യങ്ങളുടെ പ്രായം കണ്ടുപിടിക്കുന്നതിനുള്ള സൗകര്യം സി.എം.എഫ്.ആർ.ഐ.യിൽ ഏർപ്പെടുത്തി.

മത്സ്യഗവേഷണ മേഖലയിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് മത്സ്യങ്ങളുടെ പ്രായം നിശ്ചയിക്കുക എന്നത്. കാലാവസ്ഥാ വ്യതിയാനങ്ങളും ഭക്ഷണ ക്രമത്തിലെ മാറ്റങ്ങളും അന്തരീക്ഷ മലിനീകരണം തുടങ്ങി വിവിധ കാരണങ്ങൾ മത്സ്യങ്ങളുടെ വളർച്ചയെയും വലുപ്പത്തെയും പൊതുവെ മത്സ്യ സമ്പത്തിനെ തന്നെയും ബാധിക്കുന്ന ഘടകങ്ങളാണ്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള വിവിധ ശാസ്ത്രീയ മാർഗ്ഗങ്ങളിൽ ഗവേഷണ പ്രവർത്തനം നടത്തുന്നതിന് മത്സ്യങ്ങളുടെ പ്രായം നിശ്ചയിക്കുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. മത്സ്യങ്ങളുടെ ശരീരത്തിലെ കട്ടികൂടിയ ഭാഗങ്ങളായ മുള്ളുകൾ, ചെതുമ്പലുകൾ തുടങ്ങിയവയുടെ ശാസ്ത്രീയ നിരീക്ഷണത്തിലൂടെയാണ് ഇത് സാധ്യമാകുന്നത്. ഇതിനുവേണ്ടിയുള്ള അത്യാധുനിക സൗകര്യമുള്ള ഒരു ലബോറട്ടറി കൊച്ചി സി.എം.എഫ്.ആർ.ഐ. ആസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. 2015 ജൂൺ 30 ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ ആണ് ലബോറട്ടറി ഉദ്ഘാടനം ചെയ്തത്.


ലബോറട്ടറിയിൽ മത്സ്യ സാമ്പിളുകൾ പരിശോധിക്കുന്നു.

## മത്സ്യ ബന്ധനത്തിൽ മത്സ്യക്കുഞ്ഞുങ്ങളുടെ കുറഞ്ഞവലിപ്പം സംബന്ധിച്ച സി.എം.എഫ്.ആർ.ഐ മാർഗ്ഗരേഖ നടപ്പിലാക്കി.

ശാസ്ത്രീയ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും ശേഷം സി.എം.എഫ്.ആർ.ഐ മുന്നോട്ടു വെച്ച അൻപത്തെട്ടോളം മത്സ്യങ്ങളുടെ അനുവദനീയമായ വലിപ്പം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ പതിനാലോളം മത്സ്യങ്ങളെക്കുറിച്ചുള്ളവ കേരള സർക്കാർ നിയമമാക്കി. കേരളതീരത്തെ ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് തടയാൻ ഈ പഠനറിപ്പോർട്ടും നിയമനിർമ്മാണവും വളരെയധികം സഹായിക്കും. ചെറുപ്രായത്തിൽ തന്നെ മത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് സമുദ്ര സമ്പത്തിനെ കാര്യമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് സി.എം.എഫ്.ആർ.ഐ. ഇത്തരമൊരു നിർദ്ദേശവുമായി മുന്നോട്ടു വന്നത്.

## കടൽ അനുഭവങ്ങൾ: സി.എം.എഫ്.ആർ.ഐ. യിൽ മത്സ്യബന്ധന മേഖലയിൽ ഉള്ളവർക്കായ് ആശയവിനിമയ വേദി.

മത്സ്യബന്ധ മേഖലയിൽ ഉള്ളവർക്കായി ഒരു പുത്തൻ ആശയവിനിമയ വേദി സി.എം.എഫ്.ആർ.ഐ. യിൽ തുടങ്ങിവെച്ചു. മത്സ്യബന്ധന മേഖലയിൽ ഉള്ളവരും ശാസ്ത്രലോകവും തമ്മിലുള്ള ആശയവിനിമയം കൂടുതൽ സുതാര്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കടൽ അനുഭവങ്ങൾ എന്നപേരിൽ ഈ ആശയവിനിമയ പരിപാടി തുടങ്ങിയത്. ഈ പരിപാടിയിൽ ആദ്യമായി പങ്കെടുത്ത് അനുഭവങ്ങൾ പങ്കുവെച്ചത് മുനമ്പത്തുനിന്നുമുള്ള യന്ത്രവത്കൃത ബോട്ടുടമ ശ്രീ. ജോണി പള്ളിപറമ്പിൽ ആണ്. അദ്ദേഹത്തെ ദേശിയ കാർഷിക ഗവേഷണ കൗൺസിൽ സമുദ്ര മത്സ്യവിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. മദൻ മോഹൻ ആദരിക്കുകയുണ്ടായി. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനും ശാസ്ത്രജ്ഞന്മാരും സംവദിച്ചു. ഡോ. രാമചന്ദ്രനാണ് പരിപാടി നടപ്പിലാക്കിയത്.

# കെ.വി.കെ. വാർത്തകളിൽ


കൃഷി വിജ്ഞാന കേന്ദ്രം കണ്ടെത്തി
പുതിയ ജൈവവളം 'ഫിഷ്ലൈസർ'
മാതൃഭൂമി
2015 • മേയ് 29 • വെള്ളിയാഴ്ച
www.mathrubhumi.com
മഴക്കാലത്തും പച്ചക്കറി നന്നായി കൃഷിചെയ്യാം
ഡോളോമൈറ്റും ഡയിഞ്ചയും നൽകാം; മണ്ണ് നന്നാക്കാം
മലയാള മനോരമ
പൊക്കാളി കർഷകർക്ക് ട്രേഡ് മാർക്ക്
Jaiva Pokkali
'ഓപ്പറേഷൻ അടുക്കള
പരിശീലനം തുടങ്ങി
പച്ചക്കറിക്ക് ഗ്രോബാഗെങ്കിൽ മീനിന് കൂടുകൃഷി
പൊക്കാളി ഉത്പന്നങ്ങൾക്ക് ബ്രാൻഡിങ്
2015 • സപ്തംബർ 20 • ഞായറാഴ്ച
www.mathrubhumi.com/localnews
മാതൃഭൂമി
ജനകീയമായി മട്ടുപ്പാവ് കൃഷി
വിഷം തീനികൾ ആവാതിരിക്കാം
നാട്ടുവർത്തമാനം
തെങ്ങ് കൃഷി: പരീക്ഷണങ്ങൾക്ക് മൂക്കന്നൂ
മലയാള മനോരമ 2015
ച്ചക്കറി കൃഷിക്ക് മൽസ്യ– ജൈവ
മാസത്തിനകം വിപണിയിൽ



അതിസാന്ദ്രതാവാഴകൃഷി,
കൃഷിയിട പ്രദർശനം:
പള്ളിപ്പുറം, എറണാകുളം



ജാതിയിലെ സംയോജിത കീട-രോഗ
പോഷക പരിപാലനം: അങ്കമാലി,
എറണാകുളം



സ്വന്തം കൃഷി, സുരക്ഷിത ഭക്ഷണം - ജനറൽ
ഹോസ്പിറ്റൽ സ്റ്റാഫിനായ് പരിശീലനം:
എറണാകുളം.



ഉണർവ്വ് എക്സിബിഷനിൽ കെ.വി.കെ.


**ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)**

**ഐ.സി.എ.ആർ - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

*(ദേശീയ കാർഷിക ഗവേഷണ കൗൺസിൽ)*

ആറാട്ടുവഴി ബീച്ച്, ഞാറക്കൽ പോസ്റ്റ്, എറണാകുളം, കേരളം - 682 505

ഫോൺ : 0484 2492450 ഇ-മെയിൽ : kvkernakulam@cmfri.org.in

വെബ്സൈറ്റ് : www.kvkernakulam.org.in